പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 927** **07.02.2013 ൽ മറുപടിയ്ക്ക്**

<u>പലകപാണ്ടി പദ്ധതി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | | **ശ്രീ.പി.ജെ.ജോസഫ്**<br>**ബഹു.ജലവിഭവ വകുപ്പുമന്ത്രി** |
| (എ) നെന്മാറ മണ്ഡലത്തിലെ പലകപാണ്ടി പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരുന്നത്; വിശദാംശം ലഭ്യമാക്കുമോ: | (ബി) | 2011 സെപ്റ്റംബർ 2-ാം തീയതി പലകപ്പാണ്ടി ജലസേചന പദ്ധതിയുടെ ഉദ്ഘാടനം നടത്തുവാനാണ് തീരുമാനിച്ചിരുന്നത്. പലകപ്പാണ്ടി പദ്ധതിയുടെ നാലു റീച്ചുകളിലായി ഏർപ്പാടു ചെയ്ത പ്രവൃത്തികളിൽ 3 റീച്ചുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. നാലാമത്തെ റീച്ചിന്റെ പണി 70% പൂർത്തീകരിച്ചുവെങ്കിലും കോൺട്രാക്ടർ സമയത്തിന് പണി തീർക്കാതിരുന്നതിനാൽ റിസ്ക് & കോസ്റ്റ് അടിസ്ഥാനത്തിൽ കോൺട്രാക്ടറെ ഒഴിവാക്കുകയും ബാക്കി പ്രവൃത്തികൾ 02/12/11-ന് റീ-ടെൻഡർ വിളിക്കുകയും ചെയ്തു. അതിൻപ്രകാരം പുതിയ കോൺട്രാക്ടറെ നിയമിക്കാൻ തീരുമാനമായെങ്കിലും, പ്രസ്തുത ടെൻഡർ നടപടിക്രമവുമായി ബന്ധപ്പെട്ട് ഒരു റിട്ട് പെറ്റീഷൻ ബഹു.ഹൈക്കോടതി മുമ്പാകെ വരികയും കോടതി പ്രവൃത്തി സ്റ്റേ ചെയ്യുകയും ഉണ്ടായി. എന്നാൽ 30/11/12-ന് കോടതി സ്റ്റേ നീക്കുകയും, അതിൻപ്രകാരം 14/12/12-ൽ നാലാമത്തെ റീച്ചിന്റെ പണിപൂർത്തീകരിക്കുന്നതിനായി കരാർ വയ്ക്കുകയും ചെയ്തു. പ്രസ്തുത പണി ഇപ്പോൾ പുരോഗമിച്ചുവരുന്നു. |
| (സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും;<br>(ഡി) പ്രസ്തുത പദ്ധതി ഏത് മാസം കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി)<br>&<br>(ഡി) | നിലവിലുള്ള കരാർ അനുസരിച്ച് 2013 ഏപ്രിൽ മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ